ചലച്ചിത്ര വികസന കോർപ്പറേഷനിലെ 2-ാം ഗ്രേഡ് അസിസ്റ്റന്റ് നിയമനത്തിന് നടത്തിയ എഴുത്ത് പരീക്ഷാ ചോദ്യത്തിലെ തെറ്റ്

22 (2125) ശ്രീമതി രാധാരാഘവൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലച്ചിത്ര വികസന കോർപ്പറേഷനിൽ 2-ാം ഗ്രേഡ് അസിസ്റ്റന്റ് നിയമനത്തിന് നടത്തിയ എഴുത്തുപരീക്ഷയുടെ ചോദ്യ കടലാസ്സിൽ തെറ്റു കടന്നുകൂടിയിരുന്നുവോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത ചോദ്യക്കടലാസ്സിൽ ലോക്സഭാ സ്പീക്കർ ആര് എന്ന ചോദ്യമുണ്ടായിരുന്നുവോ ;

(സി) എങ്കിൽ ആ ചോദ്യത്തിനെതിരെ കൊടുത്തിരുന്ന പേരുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) അതിൽ ഏതാണ് ശരിയെന്ന് വിശദമാക്കുമോ ;

(ഇ) കമ്പ്യൂട്ടർ വാല്യൂവേഷനിൽ ഇതിൽ ഏത് ശരി എന്ന നിലയിലാണ് ശരിയുത്തരത്തിന് മാർക്ക് ഫീഡ് ചെയ്തതെന്നും ഇതിന് എത്ര മാർക്കാണുണ്ടായിരുന്നതെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ 2-ാം ഗ്രേഡ് അസിസ്റ്റന്റുമാരായി നിയമിക്കുന്നതിന് നടത്തിയ എഴുത്ത് പരീക്ഷയുടെ ചോദ്യപേപ്പറിലെ അപാകതകൾ

23 (T 2126) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ 2-ാം ഗ്രേഡ് അസിസ്റ്റന്റുമാരായി നിയമിക്കുന്നതിന് നടത്തിയ എഴുത്ത് പരീക്ഷയുടെ ഉത്തരക്കടലാസ് കമ്പ്യൂട്ടർ മുഖേനയാണോ മൂല്യനിർണ്ണയം ചെയ്യുന്നത് എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly